# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5976** **10.07.2012- ലെ മറുപടിക്ക്**

## സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതിതുക ചെലവിടുന്നതിന് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>,, സി.പി. മുഹമ്മദ്<br>,, എ. റ്റി. ജോർജ്ജ്<br>,, ഹൈബി ഈഡൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) സാമ്പത്തിക വർഷത്തിന്റെ അവസാനം പദ്ധതി തുക ഒരുമിച്ച് ചെലവിടുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ; | (ബി) പദ്ധതി തുക ധൃതി പിടിച്ച് സാമ്പത്തിക വർഷാവസാനം ചെലവഴിക്കുന്നതിന് പകരം ഓരോ മൂന്നു മാസത്തിനും ഒരിക്കൽ നിശ്ചിത ശതമാനം തുക ചെലവഴിക്കുന്നത് ഉറപ്പ് വരുത്തേണ്ടതാണ്. ഇതനുസരിച്ച് ജൂൺ 30-ാം തീയതിയ്ക്ക് മുമ്പ് 10 ശതമാനം തുകയും സെപ്റ്റംബർ 30-ാം തീയതിയ്ക്ക് മുമ്പ് 30 ശതമാനം തുകയും ഡിസംബർ 31-ാം തീയതിയ്ക്ക് മുമ്പ് 60 ശതമാനം തുകയും മാർച്ച് 31-ാം തീയതിയ്ക്ക് മുമ്പ് 100 ശതമാനം തുകയും ചെലവഴിക്കണമെന്ന് കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല മാർച്ച് മാസത്തിൽ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുക മാത്രമേ ചെലവഴിക്കുന്നതിന് ശേഷിക്കാൻ പാടുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അതാത് വകുപ്പദ്ധ്യക്ഷൻമാർ ഇതുമായി ബന്ധപ്പെട്ട ഒരു പദ്ധതി നിർവ്വഹണ കലണ്ടർ മുൻകൂറായി തയ്യാറാക്കി ഭരണാനുമതി/ സാങ്കേതിക അനുമതി നൽകേണ്ടതുമാ... |

കൂടാതെ വർഷാവസാനം പദ്ധതി തുക ടി.എസ്.ബി/ ബാങ്ക് അക്കൗണ്ടുകളിൽ മാറ്റുന്ന പ്രവണതയും പ്രോത്സാഹിപ്പിക്കരുത് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് ഇവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

പദ്ധതി ചെലവ് ഉണ്ടാകുമെന്ന പ്രതീക്ഷയിൽ തുക നഷ്ടപ്പെടാതിരിക്കുന്നതിനായി സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ തുക പിൻവലിച്ച് കാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും ഡിഡിയായി പിൻവലി[illegible] ദിവസത്തിൽ അധികം സൂക്ഷിച്ചാൽ ആ തുകയുടെ 12% നിരക്കിൽ വാർഷിക പിഴപലിശ അധികം സൂക്ഷിച്ച ദിവസങ്ങൾക്ക് ഈടാക്കുന്നതുമാണെന്ന് 02.06.12 - ലെ 31/12/ധന. നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ